ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ നയപരിപാടികളെക്കുറിച്ചും മന്ത്രിസഭാ തീരുമാനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുക എന്നതും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുകയുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഇ-മെയിൽ അധിഷ്ഠിതമായ പൊതുജനസമ്പർക്കം, ഭരണ സുതാര്യത ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ 24 മണിക്കൂർ ലൈവ് വെബ്കാസ്റ്റിങ്, സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വികസന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും, മാധ്യമവാർത്തകളും, മുഖ്യമന്ത്രി നിയമസഭയിൽ നടത്തുന്ന പ്രസംഗങ്ങളുടെ അച്ചടിരൂപം, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള പത്രക്കുറിപ്പുകൾ, മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചുള്ള വിവരങ്ങൾ, ജനസമ്പർക്ക പരിപാടികളെക്കുറിച്ചുള്ള അറിയിപ്പുകളും മറ്റ് വിവരങ്ങളും, മുഖ്യമന്ത്രിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ, സുതാര്യകേരളം എന്നിവയിൽ ഓൺലൈനായി പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാനും പരാതികളുടെ തൽസ്ഥിതിവിവരം അറിയിക്കാനുമുള്ള സൗകര്യം, സെക്രട്ടേറിയറ്റ് ഫയൽ ട്രാക്കിങ് സൗകര്യം, മുഖ്യമന്ത്രിക്കു നൽകിയ പരാതിയുടെ തൽസ്ഥിതി, മുഖ്യമന്ത്രിയുടെ ജീവചരിത്രം എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മികച്ച വെബ്സൈറ്റിനുള്ള വെബ് രത്ന അവാർഡാണ് ലഭിച്ചത്.

(ഡി) മികച്ച പൊതുജന പങ്കാളിത്ത സംരംഭത്തിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്.

കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും

3 (6148) ഡോ. കെ. ടി. ജലീൽ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും വിവരവിജ്ഞാനീയ സാധ്യതകൾ മുൻനിർത്തി പുനർ നിർവചിച്ച് വ്യവസ്ഥ ചെയ്യുകയും പ്രാബല്യപ്പെടുത്തുകയും ചെയ്യാൻ തയ്യാറാകുമോ ;

(ബി) ഇതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly